©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
വെള്ളി
Thiruvananthapuram,
Friday

2025 ആഗസ്റ്റ് 01
01st August 2025
1200 കർക്കടകം 16
16th Karkadakam 1200
1947 ശ്രാവണം 10
10th Sravana 1947

നമ്പർ
No.
2829

ഫോറം നമ്പർ 7

[ചട്ടം 18(1) കാണുക]

വകുപ്പ് 11(1) പ്രകാരം പരസ്യപ്പെടുത്തുന്ന പ്രാഥമിക വിജ്ഞാപനം

നമ്പർ: സി11-1038/2023. *2025, ജൂലായ് 29.*

കേരള സർക്കാർ 04-12-2015-ാം തീയതിയിലെ സ.ഉ. (സാധാരണ) നമ്പർ 649/2015/റവ. വിജ്ഞാപനം പ്രകാരം 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് 30/2013) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ കാക്കനാട്, കൊച്ചി മെട്രോ നമ്പർ-2 സ്പെഷ്യൽ തഹസിൽദാരെ നിയമിച്ചിരിക്കുന്നതിനാലും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം (IURWTS) പദ്ധതിയുടെ പൊന്നുംവില നടപടിയുടെ പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ ആയി കൊച്ചി മെട്രോ (എൽ.എ.) ഡെപ്യൂട്ടി കളക്ടറെ കേരള സർക്കാർ നിയമിച്ചിരിക്കുന്നതിനാലും;

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന്, അതായത്, ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം (IURWTS) പദ്ധതിയുടെ ഭാഗമായ ടാഗോർ ലെയിൻ വെറ്റ് വെൽ പമ്പിംഗ് സ്റ്റേഷൻ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കേണ്ടതിനുവേണ്ടി ആവശ്യമുണ്ടായേക്കുമെന്നോ ജില്ലാ കളക്ടർക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാലും;

ഇപ്പോൾ, തന്മൂലം, അതുമായി ബന്ധപ്പെട്ട എല്ലാപേർക്കും 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 11-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു;

പൊന്നുംവിലയ്ക്കെടുക്കാൻ തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങളുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിട്ടുള്ള കക്ഷികൾ അവരുടെ ഭൂരേഖകൾ നാളതീകരിക്കുന്നത് സംബന്ധിച്ചും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും ആക്ഷേപമുണ്ടെങ്കിൽ ആയത് മേൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതിയോ, ഇതു സംബന്ധിച്ച പൊതു നോട്ടീസിന്റെ തീയതിയോ ഏതാണോ അവസാനം വരുന്നത് ആ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലമുള്ള പ്രസ്താവന പൊന്നുംവില ആഫീസറായ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) നമ്പർ 2, കൊച്ചി മെട്രോ റെയിൽ പ്രൊജക്ട്, കാക്കനാട് മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ആക്ഷേപങ്ങളും സ്ഥലത്തിലുള്ള താൽപര്യം സംശയലേശമന്യേ വിശദീകരിക്കാത്തതുമായ അപേക്ഷകളും നിരുപാധികം നിരസിക്കപ്പെടുന്നതാണ്;

സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് സംഗ്രഹം താഴെ ചേർക്കുന്നു. ആയത് എറണാകുളം ജില്ലാ ഭരണകൂടത്തിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്;

സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് – സംഗ്രഹം

അർത്ഥനാധികാരിയായ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിൽ നിന്നും അർത്ഥന ലഭിച്ചത് പ്രകാരം ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം (IURWTS) പദ്ധതിയുടെ ഭാഗമായ ടാഗോർ ലെയിൻ വെറ്റ് വെൽ പമ്പിംഗ് സ്റ്റേഷൻ നിർമ്മാണത്തിന് കണയന്നൂർ താലൂക്കിൽ ഇടപ്പള്ളി സൌത്ത് വില്ലേജിൽ 0.0810 ഹെക്ടർ വസ്തു ആവശ്യമുള്ളതായികാണുന്നു.

പദ്ധതിയ്ക്കായി ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമി നിലവിൽ നിലം ഇനത്തിൽപ്പെടുന്ന ഭൂമിയാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കനാലുകളുടെ വികസനത്തിലൂടെ ഗതാഗത സൌകര്യവും വിനോദ സഞ്ചാര സാദ്ധ്യതകളും മെച്ചപെടുത്താനാവും. നിർദ്ദിഷ്ട പദ്ധതിയുടെ ഭാഗമായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന മലിന ജല പ്ലാന്റിന്റെ അനുബന്ധ സംവിധാനമായ വെറ്റ് വെൽ നിർമ്മിക്കുന്നതിനുവേണ്ടിയാണ് ഭൂമി ഏറ്റെടുക്കൽ പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത് എന്നതിനാൽ പദ്ധതിയുടെ പൊതു ആവശ്യകത ഒഴിവാക്കാൻ ആകാത്തതാണ്. കുടുംബങ്ങളെ കുടി ഒഴിപ്പിക്കൽ, ഉപജീവന മാർഗ്ഗം നഷ്ടമാകൽ എന്നിങ്ങനെയുള്ള പ്രത്യാഘാതങ്ങൾക്ക് പദ്ധതി കാരണമാകുന്നില്ല. കൂടാതെ പദ്ധതി പ്രദേശം നിർമ്മിതികളില്ലാത്ത സ്വകാര്യ ഭൂമി ആണെന്നതിനാൽ പദ്ധതി പ്രദേശത്തെ ആശ്രയിച്ച് ജീവിക്കുന്ന പരോക്ഷ ആഘാതബാധിതരില്ല. എന്നിരുന്നാലും ജനവാസ മേഖലയോടുചേർന്നുകിടക്കുന്ന പദ്ധതി പ്രദേശത്ത് നടത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയേക്കുറിച്ച് ജനപ്രതിനിധിക്കും, പ്രദേശവാസികൾക്കുമുള്ള ആശങ്കകൾ പരിഹരിക്കുക എന്നത് പ്രത്യാഘാത ലഘൂകരണ നടപടികളുടെ ഭാഗമായി കാണേണ്ടതാണ്.

പദ്ധതിയ്ക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ കൈവശ ഭൂമികളെ ബാധിക്കുന്നതും ഭൂഉടമകളുടെ സ്ഥലം നഷ്ടപ്പെടുന്നുണ്ടെങ്കിലും നിർദ്ദിഷ്ട പദ്ധതി നിലവിൽ വരുമ്പോൾ ഈ പദ്ധതിക്കായി ഏറ്റവും കുറവ് ഭൂമിയാണ് ഏറ്റെടുക്കുന്നതെന്ന് പഠന സംഘം വിലയിരുത്തി. നിർദ്ദിഷ്ട പദ്ധതി പൊതു ആവശ്യത്തിന്റെ പരിധിയിൽ വരുന്നതും പദ്ധതി നടപ്പിലാക്കിയാൽ പദ്ധതിയുടെ സാമൂഹ്യ സാമ്പത്തിക നേട്ടങ്ങൾ പൊതു സമൂഹത്തിനും നാടിനും വികസനത്തിന് ഊന്നൽ കൊടുത്തിട്ടുള്ളതും ഇതിന്റെ വിപരീത പ്രത്യാഘാതങ്ങളേക്കാൾ നേട്ടങ്ങൾ കൂടുതലായിരിക്കുമെന്ന നിഗമനത്തിൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണീറ്റ് ഏകകണ്ഠമായി എത്തിച്ചേർന്നു.

പദ്ധതിക്ക് ഏറ്റെടുക്കുന്ന ഭൂമി ഇടപ്പള്ളി സൌത്ത് വില്ലേജിന്റെയും കൊച്ചി കോർപ്പറേഷന്റെയും പരിധിയിൽ മാത്രം വരുന്നതാണ്.

പട്ടിക

(ഏകദേശ വിസ്തീർണ്ണം ചേർത്തിരിക്കുന്നു.)

ജില്ല— എറണാകുളം.

താലൂക്ക്— കണയന്നൂർ. *വില്ലേജ്*— ഇടപ്പള്ളി സൌത്ത്.

ക്രമ നമ്പർ	*ബ്ലോക്ക് നമ്പർ*	*സർവ്വെ നമ്പർ*	*വിവരണം*	*വിസ്തീർണ്ണം (ഹെക്ടർ)*	*പൊതു ആവശ്യത്തിന്റെ സ്വഭാവം*	*ബാധിക്കപ്പെട്ട കുടുംബാംഗങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള കാരണം*	*ഉടമസ്ഥന്റെ പേരു വിവരം*
1	219 219	6pt 7 Bpt	നിലം	0.0395	ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ	ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ	വിശ്വനാഥ് ഷേണായി ഭാര്യ ഉഷ വിശ്വനാഥ്, അറയ്ക്കപ്പാടത്ത് വീട്, കുമ്പളങ്ങി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2	219	7Bpt	നിലം	0.0415	ട്രാൻസ്പോർട്ട് സിസ്റ്റം (IURWTS) പദ്ധതിയുടെ ഭാഗമായ ടാഗോർ ലെയിൻ വെറ്റ് വെൽ പമ്പിംഗ് സ്റ്റേഷൻ	ട്രാൻസ്പോർട്ട് സിസ്റ്റം (IURWTS) പദ്ധതിയുടെ ഭാഗമായ ടാഗോർ ലെയിൻ വെറ്റ് വെൽ പമ്പിംഗ് സ്റ്റേഷൻ	ഗോവിന്ദ കൃഷ്ണപിള്ള മകൻ കൃഷ്ണ പാണ്ഡുരംഗ്, കൃഷ്ണ പാണ്ഡുരംഗ് ഭാര്യ നിഷാ പാണ്ഡുരംഗ്, 48/1148ബി, ശ്രീനാരായണ റോഡ്, എളമക്കര
			ആകെ	**0.0810**			

(ഒപ്പ്)
ജില്ലാ കളക്ടർ
എറണാകുളം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM NO.7
[See rule 18(1)]

FORM OF PRELIMINARY NOTIFICATION TO BE ISSUED BY THE COLLECTOR UNDER SUB-SECTION (1) OF SECTION 11

NOTIFICATION

No.C11-1038/2023. *29th July, 2025.*

WHEREAS, the Government of Kerala have as per Notification No.649/2015/RD dated 04-12-2015 appointed the Special Tahsildar (L.A) No.II, Kochi Metro Rail Project, Kakkanad to perform the functions of a Collector for the purpose of land acquisition under the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013;

AND WHEREAS, the Government hereby appoint the Deputy Collector (L.A) Kochi Metro Rail Project, Civil Station, Kakkanad as the Administrator for the purpose of Rehabilitation and Resettlement to the proposed acquisition;

AND WHEREAS, it appears to the Government that the land specified in the schedule below is needed or is likely to be needed for public purpose to wit for land required for the construction of Tagore Lane Wet Well Pumping Station as part of the Integrated Urban Regeneration & Water Transport System (IURWTS);

NOW, THEREFORE, notice is hereby given to that effect to whomsoever it may concern, in accordance with the provisions of sub-section (1) of section 11 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013;

All persons interested in the said land are accordingly required to lodge a complaint before the Special Tahsildar (L.A) No.II, Kochi Metro Rail Project, Kakkanad within 15 days from the date of publication of the above notification, or after giving public notice regarding this whichever is later, a statement in writing of their objections, if any, regarding the updation of land records or title in respect of the land proposed for acquisition. Any objection/statement which is received after the due date or which does not clearly explain as to how the objector is interested in the land is liable to be summarily rejected;

A summary of the Social Impact Assessment Report is given below, which is available in the Official Website of the District Administration, Ernakulam;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

SUMMARY OF THE SOCIAL IMPACT ASSESSMENT REPORT

As per the requisition received from the Requisition Authority KMRL, 0.0810 Ha of land in Edappally South Village is required for the construction of Tagore Lane Wet Well Pumping Station as part of the Integrated Urban Regeneration & Water Transport System (IURWTS).

The Land to be acquired from the land owners are Wet Land in nature. The land to be acquired is a private land which is required for the project. The Project has been designed for the development of canals, improvement of transportation facilities through the canals, and promotion of tourism opportunities. Since the land acquisition project is planned for the construction of a wet well, an ancillary system to the wastewater plant planned to be constructed as part of the proposed project, the general requirement of the project cannot be avoided. The project does not cause any impacts such as displacement of families or loss of livelihood. In addition, since the project area is private land with no construction, there are no indirect impacts who depend on the project area. However, addressing the concerns of the public representatives and local residents regarding the proposed project in the project area which is adjacent to the residential area should be seen as part of the impact mitigation measures.

The Social Impact Assessment (SIA) study confirms that the project requires only a minimal extent of land acquisition and the main highlight of the project is the social and economic benefits to the general public. The SIA Study Report confirm that the project will benefit to the social and economic progress of the area and hence it is very useful to acquire this land for the project.

The land proposed for acquire is in Edappally South Village and Kochi Corporation.

SCHEDULE

(The extent given is approximate)

District –Ernakulam.

Taluk – Kanayannur. *Village* – Edappally South.

Sl. No.	*Block No.*	*Survey No.*	*Description*	*Extent (Hector)*	*Nature of Public Interest*	*Reason for Rehabilitation*	*Name & Address of the Owner*
1	219 219	6pt 7Bpt	Wet	0.0395	Land Acquisition of Tagore Lane Wet Well Pumping Station as	Land Acquisition of Tagore Lane Wet Well Pumping Station as part	Usha Viswanath, W/o.Viswanath Shenoy Arackappadath House,Kumbalangi

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

					part of the Integrated Urban Regeneration & Water Transport System (IURWTS)	of the Integrated Urban Regeneration & Water Transport System (IURWTS)	
2	219	7Bpt		0.0415	Land Acquisition of Tagore Lane Wet Well Pumping Station as part of the Integrated Urban Regeneration & Water Transport System (IURWTS)	Land Acquisition of Tagore Lane Wet Well Pumping Station as part of the Integrated Urban Regeneration & Water Transport System (IURWTS)	1.Krishna Pandugang, S/o.Govinda Krishnapilla 2.Nisha Pandurang, W/o.Krishna Pandurang, 48/1148B, Sree Narayana Road, Elamakkara
Total				**0.0810**			

(Sd.)

DISTRICT COLLECTOR,
Ernakulam.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.08.01 02:13:39 +05:30